# അമൃത വിശ്വവിദ്യാപീഠം ബെംഗളൂരു ക്യാമ്പസിൽ ബിരുദദാന ചടങ്ങ് നടന്നു

**janamtv.com**/81008379

Janam Web Desk

August 20, 2025




**ബെംഗളൂരു:** അമൃത വിശ്വവിദ്യാപീഠം ബെംഗളൂരു ക്യാമ്പസിൽ ബിരുദദാന ചടങ്ങ് നടന്നു. വിവിധ വിഭാഗങ്ങളിലായി 778 വിദ്യാർത്ഥികളാണ് ബെംഗളൂരുവിലെ അമൃത വിശ്വവിദ്യാപീഠത്തിൽ ബിരുദപഠനം ഈ വർഷം പൂർത്തിയാക്കിയത്. ക്യാമ്പസിൽ നടന്ന ചടങ്ങിൽ ക്യാമ്പസ് ഡയറക്ടർ ഡോ. മനോജ് പി സ്വാഗതമാശംസിച്ചു. അമൃത വിശ്വവിദ്യാപീഠം മാനേജ്മെന്റ്ബോർഡ് അംഗവും ട്രഷററുമായ സ്വാമി രാമകൃഷ്ണാനന്ദപുരി ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ചെയർമാൻ ഡോ. ടിജി സീതാറാം വിരുദ്ധധാന ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

മാനവികതയ്ക്കും പ്രകൃതിക്കും കൂടി വേണ്ടിയുള്ളതാകണം സേവനമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. ചടങ്ങിലെ വിശിഷ്ടാതിഥിയായ കർണാടക ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റിതേഷ് കുമാർ സിംഗ് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.

സ്വാമി രാമകൃഷ്ണാനന്ദപുരി വിദ്യാർത്ഥികൾക്ക് ബിരുദങ്ങൾ സമ്മാനിച്ചു. അമൃത വിശ്വവിദ്യാപീഠം രജിസ്ട്രാർ ഡോ. പി അജിത് കുമാർ, അമൃത സ്കൂൾ ഓഫ് എൻജിനീയറിങ് പ്രിൻസിപ്പൽ ഡോ. ശ്രീറാം ദേവനാഥൻ, അമൃത സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ് പ്രിൻസിപ്പൽ ഡോ. ഗോപാലകൃഷ്ണൻ ഇഎ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ബിടെക് വിഭാഗത്തിൽനിന്ന് 595,

എംബിഎ വിഭാഗത്തിൽ നിന്ന് 99, എംടെക് വിഭാഗത്തിൽ നിന്ന് 74 വിദ്യാർത്ഥികളും ഗവേഷണം പൂർത്തിയാക്കിയ 10 പേരുമാണ് ബിരുദങ്ങൾ ഏറ്റുവാങ്ങിയത്.

Tags: Amritha Vishwa vidyapeetam